**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2417** **15-10-2024 - ൽ മറുപടിയ്ക്ക്**

**ആലുവ-മൂന്നാർ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയായ ആലുവ-മൂന്നാർ റോഡ് നാലുവരിപ്പാത ആക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ആലുവ – മൂന്നാർ റോഡ് വികസനത്തിന് സർക്കാർ ഉത്തരവ് നം GO. (Rt) No 942/2017/PWD തീയതി 10.07.2017 പ്രകാരം തത്വത്തിൽ 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. കെ. ആർ. എഫ്. ബി. യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. പദ്ധതിയ്ക്കായി സ്ഥലമേറ്റെടുക്കുന്നതിന് ഉത്തരവ് നം. PWD015-73/TE-1/2022/KIIFB തീയതി 20.03.2022 പ്രകാരം 653.06 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 07.12.2023 - ൽ റവന്യൂ ബി ഓർഡർ ലഭിക്കുകയും, ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, കിഫ്ബി യൂണിറ്റ് 2, അങ്കമാലി – യെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 95% പൂർത്തീകരി ച്ചതായി കെ. ആർ. എഫ്. ബി. അറിയിച്ചിട്ടുണ്ട്.<br><br><u>അതിർത്തി കല്ലിടാനുള്ള സ്ഥലങ്ങൾ</u><br><br>ചെറുകുന്നം (പെരുമ്പാവൂർ LAC), ISRO - (ആലുവ നിയോജക മണ്ഡലം), തങ്കളം ജംഗ്ഷൻ - (കോതമംഗലം നിയോജക മണ്ഡലം), തടിയിട്ടപറമ്പ് പള്ളി - (കുന്നത്തുനാട് നിയോജക മണ്ഡലം), നെല്ലിക്കുന്നത്ത് പള്ളി - (കോതമംഗലം നിയോജക മണ്ഡലം) എന്നീ ഭാഗങ്ങളിൽ റീ-അലൈൻമെന്റിൽ അന്തിമ തീരുമാനം ആയതിനുശേഷം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതാണെന്ന് കെ. ആർ. എഫ്. ബി. അറിയിച്ചിട്ടുണ്ട്.<br><br><u>മറ്റു വിഷയങ്ങൾ</u>: -<br><br>ചെറുകുന്നം റീ അലൈൻമെന്റിനെതിരെ ഫയൽ ചെയ്ത WPC - 5353/2024 നമ്പർ കേസിൽ 04/10/2024 - ൽ കുന്നത്തുനാട് താലൂക്ക് സർവ്വേയറുമായി |

| | | | |
|---|---|---|---|
| | | | നിലവിലുള്ള റോഡിന്റെ പുറമ്പോക്ക് അളക്കുന്നതിന് മുന്നോടിയായുള്ള സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുണ്ട്.<br><br>ISRO യുടെ APEP പ്ലാൻറിൽ ഇംപാക്റ്റ് ഉണ്ടാക്കാത്ത വിധം അലൈൻമെന്റ് പുനഃപരിശോധിക്കുവാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ 29.08.2024 - ലെ കത്ത് D.O. No. G2/123/2024-PWD പ്രകാരം തുടർ നടപടി സ്വീകരിച്ചു വരുന്നു.<br><br>തങ്കളം ജംഗ്ഷൻ പൊതുജന പ്രതിഷേധം കാരണം അതിർത്തി കല്ലുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>കോതമംഗലം ബൈപ്പാസ് ഭാഗത്തെ റീ അലൈൻമെന്റിനെതിരെ ഫയൽ ചെയ്ത കേസിൽ 03.10.2024 – ന് കളക്ടറുടെ നിർദേശപ്രകാരം കിഫ്ബി, കെ. ആർ. എഫ്. ബി., സ്പെഷ്യൽ തഹസിൽദാർ കിഫ്ബി യൂണിറ്റ് - 2 അങ്കമാലി, പരാതിക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സംയുക്ത പരിശോധന നടത്തി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ